ആദിവാസികൾക്ക് ഭൂമി പതിച്ചു നൽകാൻ ഊർജ്ജിത നടപടി

122 (4178) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇനി എത്ര ആദിവാസികൾക്ക് ഭൂമി പതിച്ചു നൽകാനുണ്ട് ;

(ബി) ഭൂമി ലഭിക്കാനുള്ളവർക്ക് സമയബന്ധിതമായി ഭൂമി പതിച്ചു നൽകുന്നതിന് ഊർജ്ജിത നടപടി സ്വീകരിക്കുമോ ;

(സി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഭൂരഹിതരായ 14230 ആദിവാസി കുടുംബങ്ങൾക്ക് ഭൂമി പതിച്ചുനൽകുവാനുണ്ട്.

(ബി&സി) ആദിവാസികൾക്ക് ഭൂമി വിതരണം ചെയ്യുന്നതിന് താഴെപ്പറയുന്ന നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട് :

1. വനാവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ വനഭൂമിയിൽ താമസിക്കുന്ന അർഹരായ ആദിവാസികൾക്ക് ഭൂമി നൽകുന്ന പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ തുടർന്നുവരുന്നു.

2. ഭൂരഹിത ആദിവാസികളുടെ പുനരധിവാസത്തിന് ഭൂമി വാങ്ങുന്നതിന് ആദിവാസി പുനരധിവാസ വികസന മിഷന് ഫാസ്റ്റ്ട്രാക്ക് പ്രോജക്ട് ഗൈഡ്ലൈൻസ് ബാധകമാക്കിയിട്ടുണ്ട്.

3. ഏറ്റവും കൂടുതൽ ഭൂരഹിത ആദിവാസികളുള്ള വയനാട് ജില്ലയിൽ ഫാസ്റ്റ്ട്രാക്ക് പ്രോജക്ട് ഗൈഡ്ലൈൻസ് പ്രകാരം 50 കോടി രൂപ ചെലവിൽ 1000 ഏക്കർ ഭൂമി വിലയ്ക്ക് വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

4. സുപ്രീംകോടതി എംപവേർഡ് കമ്മിറ്റി മുമ്പാകെ നിലവിലുള്ള NPV കേസ്സുമായി ബന്ധപ്പെട്ട് ലഭിക്കാനുള്ള ഭൂമിയും ആദിവാസി പുനരധിവാസത്തിനായി വിനിയോഗിക്കുന്നതാണ്.

വയനാട് ജില്ലയിലെ ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി വിതരണം ചെയ്യാൻ നടപടി

123 (4179) ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വയനാട് ജില്ലയിലെ ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടികളുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

വയനാട് ജില്ലയിൽ സുഗന്ധഗിരി, പൂക്കോട്, ചീങ്ങേരി, കാരാപ്പുഴ തുടങ്ങിയ പുനരധിവാസ പ്രദേശങ്ങളിലായി 997 ആദിവാസി കുടുംബങ്ങൾക്ക് 2526.601 ഏക്കർ ഭൂമിയും വനാവകാശ നിയമപ്രകാരം 3297 കുടുംബങ്ങൾക്ക് 2689.84 ഏക്കർ ഭൂമിയും വിതരണം ചെയ്തിട്ടുണ്ട്. ബാക്കിയുള്ളവർക്കുകൂടി ഭൂമി വിതരണം ചെയ്യുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഏറ്റവും കൂടുതൽ ഭൂരഹിത ആദിവാസികളുള്ള വയനാട് ജില്ലയിൽ ഫാസ്റ്റ്ട്രാക്ക് പ്രോജക്ട് ഗൈഡ്ലൈൻസ് പ്രകാരം 50 കോടി രൂപ ചെലവിൽ 1000 ഏക്കർ ഭൂമി വിലയ്ക്ക് വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു. ഇതിനായി ഭൂവുടമകളിൽ നിന്ന് ഓഫറുകൾ ക്ഷണിക്കുകയുണ്ടായി. മാനന്തവാടി, വൈത്തിരി താലൂക്കുകളിലായി 1865 ഏക്കർ ഭൂമിയുടെ ഓഫർ ലഭിച്ചു. ഇതിൽ 683.57 ഏക്കർ ഭൂമി പുനരധിവാസത്തിന് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ടി ഭൂമി വാങ്ങുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിക്കുന്നു.

ആദിവാസികളിൽ നിന്നും സ്വകാര്യ വ്യക്തികൾ തട്ടിയെടുത്ത ഭൂമി തിരിച്ചുപിടിക്കുന്നതിന് നടപടി

124 (4180) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസികളിൽ നിന്ന് നിസ്സാര വിലയ്ക്കും വില കൊടുക്കാതെയും സ്വകാര്യ വ്യക്തികൾ സമ്പാദിച്ച പട്ടയഭൂമി തിരിച്ചു പിടിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ;

(ബി) സർക്കാർ പട്ടയം നൽകുന്ന ഭൂമി നിയമ വിധേയമായി വിൽപ്പന നടത്താൻ ആദിവാസികൾക്ക് കഴിയുമോ ; എങ്കിൽ ഭൂമി വിൽപ്പനയ്ക്ക് എന്തെങ്കിലും മാനദണ്ഡങ്ങൾ സർക്കാർ നിശ്ചയിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) ഭൂമി തിരിച്ചുപിടിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ടോ;

(ഡി) സർവ്വേ നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ ജില്ലകളിൽ എന്ന് വ്യക്തമാക്കുമോ ;

(ഇ) ജില്ലകളിൽ ആർക്കായിരിക്കും ഭൂമി തിരിച്ചു പിടിക്കൽ നടപടിയുടെ ചുമതല ; ഇതിനായി എന്തെങ്കിലും രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഇത്തരം കേസ്സുകളിൽ 1999-ലെ പട്ടികവർഗ്ഗ ഭൂമി കൈമാറ്റ നിയന്ത്രണവും പുനരവകാശ സ്ഥാപനവും നിയമപ്രകാരം പട്ടയഭൂമി തിരിച്ചുപിടിക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly